LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വാഹന നിയമങ്ങൾക്ക് വിരുദ്ധമായി വാഹനം നിരത്തിലോടിക്കുന്നവർക്കെതിരെ കർശന നടപടി

188 (1916) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വാഹനങ്ങളിൽ 'കേരള സ്റ്റേറ്റ്' എന്നും 'കേരള സർക്കാർ' എന്നും നമ്പർ പ്ലേറ്റിൽ രേഖപ്പെടുത്തുന്നതു സംബന്ധിച്ച നിയമ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) 'കേരള സർക്കാർ' എന്ന് രേഖപ്പെടുത്തേണ്ട ബോർഡുകളിൽ 'കേരള സ്റ്റേറ്റ്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യ വാഹനങ്ങളിൽ ഇത്തരത്തിൽ രേഖപ്പെടുത്തി ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ചില സ്വകാര്യ ആംബുലൻസുകളിൽ കേരള സ്റ്റേറ്റ് എന്ന് രേഖപ്പെടുത്തുന്നതും ചുവന്ന ടോപ്പ് ലൈറ്റ് വച്ച് പ്രവർത്തിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മോട്ടോർ വാഹന നിയമങ്ങൾക്ക് വിരുദ്ധമായി വാഹനം നിരത്തിലോടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 25-2-2004 തീയതിയിലെ സർക്കുലർ നം. 5280/എം2/94 പി.ഡബ്ലു&ടി എന്ന സർക്കുലർ പ്രകാരവും 25-10-1997-ലെ സർക്കുലർ പ്രകാരവും 25-10-1097-ലെ സർക്കുലർ നം. 35519 ബി 2/95/ ട്രാൻ. പ്രകാരവും സംസ്ഥാന മന്ത്രിമാർക്കും. തുല്യസ്ഥാനീയർക്കും അനുവദിച്ചിട്ടുള്ള വാഹനങ്ങളിൽ മാത്രമേ 'കേരള സ്റ്റേറ്റ്' എന്ന ബോർഡ് പ്രദർശിപ്പിക്കാൻ പാടുള്ളു.

മേൽ രണ്ട് ഉത്തരവുകൾ പ്രകാരം 'കേരള സർക്കാർ' എന്ന ബോർഡ് ഒരു വാഹനത്തിലും പ്രദർശ്ശിപ്പിക്കാവുന്നതല്ല. വകുപ്പുകളുടെ വാഹനങ്ങളിൽ അതാത് വകുപ്പിന്റെ പേരും പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷൻ എന്നിവയുടെ വാഹനങ്ങളിൽ അതത് സ്ഥാപനങ്ങളുടെ പേരുകളുമാണ് വയ്ക്കേണ്ടത്.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.